"ഭരണഭാഷ മാതൃഭാഷ"

NO TO DRUGS

## പൊതുവിദ്യാഭ്യാസവകുപ്പ് ഡയറക്ടറുടെ നടപടിക്രമം

(ഹാജർ : ഷാനവാസ് എസ് ഐ.എ.എസ്.)

വിഷയം:- പൊതുവിദ്യാഭ്യാസം-സ്റ്റാറ്റിസ്റ്റിക്സ് വിഭാഗം - യു.പി (5 മുതൽ 7 വരെ ക്ലാസ്സുകൾ), ഹൈസ്കൂൾ വിഭാഗം (8 മുതൽ 10 വരെ ക്ലാസ്സുകൾ ) അധികപ്രവൃത്തിദിനം നിശ്ചയിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:- 31.05.2025 തീയതിയിലെ സ.ഉ(കൈ) നം. 100/2025/GEDN നമ്പർ ഉത്തരവ്.

**<u>ഉത്തരവ് നം ഡി.ജി.ഇ/361 /2025-എസ്2(എ) (2) തീയതി : 10.06.2025</u>**

പരാമർശം ഉത്തരവ് പ്രകാരം 5 മുതൽ 7 വരെയുള്ള ക്ലാസ്സുകൾക്ക് (യു.പി വിഭാഗം) ആഴ്ചയിൽ 6 പ്രവൃത്തിദിനം തുടർച്ചയായി വരാത്ത 2 ശനിയാഴ്ചകളും, 8 മുതൽ 10 വരെയുള്ള ക്ലാസ്സുകൾക്ക് (ഹൈസ്കൂൾ വിഭാഗം) ആഴ്ചയിൽ 6 പ്രവൃത്തിദിനം തുടർച്ചയായി വരാത്ത 6 ശനിയാഴ്ചകളും 2025-26 അധ്യയനവർഷം പ്രവൃത്തിദിനമാക്കിയിട്ടുണ്ട്. 1 മുതൽ 4 വരെയുള്ള ക്ലാസ്സുകൾക്ക് 2025-26 അധ്യയന വർഷം അധിക പ്രവൃത്തിദിനങ്ങൾ ഇല്ല.

മേൽ സാഹചര്യത്തിൽ 5 മുതൽ 7 വരെയുള്ള ക്ലാസ്സുകൾക്ക് 26.07.2025, 25.10.2025 എന്നീ ശനിയാഴ്ചകളും, 8 മുതൽ 10 വരെയുള്ള ക്ലാസ്സുകൾക്ക് 26.07.2025, 16.08.2025, 04.10.2025, 25.10.2025, 03.01.2026, 31.01.2026 എന്നീ ശനിയാഴ്ചകളും അധിക പ്രവൃത്തിദിനമാക്കി നിശ്ചയിച്ചുകൊണ്ട് ഉത്തരവാകുന്നു.

പൊതുവിദ്യാഭ്യാസ ഡയറക്ടർ

പകർപ്പ്:

1. പ്രിൻസിപ്പൽ സെക്രട്ടറി, പൊതുവിദ്യാഭ്യാസവകുപ്പ്, ഗവ.സെക്രട്ടേറിയറ്റ്, തിരുവനന്തപുരം (ആമുഖകത്ത്സഹിതം )
2. ഡയറക്ടർ, എസ്.സി.ഇ.ആർ.ടി
3. എക്സിക്യൂട്ടീവ് ഓഫീസർ, KITE - അറിവിലേയ്ക്കും തുടർനടപടികൾക്കും വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനുമായി നൽകുന്നു.
4. അഡീഷണൽ ഡയറക്ടർ (ജനറൽ & അക്കാദമിക്) സി.എമുഖേന
5. ജില്ലകളിലെ വിദ്യാഭ്യാസ ഉപഡയറക്ടർമാർ-മേൽനടപടികൾക്കുവേണ്ടി
6. ജില്ലാവിദ്യാഭ്യാസ ഓഫീസർ/ഉപജില്ലാവിദ്യാഭ്യാസ ഓഫീസർ - മേൽനടപടികൾക്കുവേണ്ടി
7. പ്രഥമാധ്യാപകൻ, എല്ലാ സർക്കാർ/സർക്കാർ എയ്ഡഡ്/അൺ-എയ്ഡഡ് (അംഗീകൃതം) സ്കൂളുകൾക്കും (എ.ഇ.ഒ./ഡി.ഇ.ഒ. മുഖേന)
8. എല്ലാ മാനേജർമാർക്കും(എ.ഇ.ഒ./ഡി.ഇ.ഒ. മുഖേന)